(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി 11/1524/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല
E-mail:-dokkd.ksad.kerala.gov.in
Phone:- 04952371012

തീയതി:1-8-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറമേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറമേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി11/1524/2017 തിയ്യതി:1-8-2017

<u>കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.12.2016 മുതൽ 10.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സി. രാജൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.07.2017 മുതൽ 19.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷാജു തോമസ് | |
| | ശ്രീമതി. ഇന്ദുകല. സി. വി | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. അച്യുതൻ. കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. പി. ടി പ്രസാദ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.എം.എ മോഹൻകുമാർ | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീ. അജിത്ത് കുമാർ. വി | 01.10.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.രതീഷ്. പി.ആർ | 01.04.2016 മുതൽ 16.10.2016 വരെ |
| | ശ്രീമതി. എൽസ ഗെയിൽസ് | 17.10.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ. സിനി. പി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സജിത്ത് പ്രസാദ്. ടി. വി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. ബൈജു. പി. പി | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. സിന്ധു. പി.ജി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജ കുന്നമ്മൽ | 01.04.2016 മുതൽ 09.09.2016 വരെ |
| | ശ്രീമതി. മാധവി. പി | 10.09.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തുനികുതി നിർണ്ണയം - സ്ഥലപരിശോധനാറിപ്പോർട്ട് അപൂർണ്ണം | 2-2 |
| 13 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-3 |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല | 2-4 |
| 15 | ഇ.ടെണ്ടർ മുഖേനയുള്ള വരവുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല | 2-5 |
| 16 | സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല | 2-6 |
| 17 | പരസ്യനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 2-7 |
| 18 | മാവേലി സ്റ്റോർ വാടക ഈടാക്കിയത് – നിരക്ക് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ് | 2-8 |
| | ഭാഗം 3 | |
| 19 | S.Cവീട് പുനരുദ്ധാരണം എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ധനസഹായം വിതരണം ചെയ്തതും മറ്റ് അപാകതകളും | 3-1 |

| | | |
|---|---|---|
| | | |
| 20 | S.C.വിദ്യാർത്ഥികൾക്ക് പഠനമുറി -സർക്കാർ ഉത്തരവു പാലിക്കാതെഗുണഭോക്താക്കൾക്ക് ധനസഹായം വിതരണംചെയ്തു. | 3-2 |
| 21 | പശു വളർത്തൽ- പ്രോജക്ട് നിർവഹണ ത്തിലെ അപാകതകൾ | 3-3 |
| 22 | അങ്കണവാടിപ്രവർത്തകരുടെ വർദ്ധപ്പിച്ച വേതനം-പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം നൽകിയതുക തിരികെ ഈടാക്കാൻ നടപടികൾകൈകൊണ്ടതിന് രേഖകളില്ല. | 3-4 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി-കൈമാറിയ തുകയുടെ കൈപറ്റ് രശീതി ,വിനിയേഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 3-5 |
| 24 | S.C.വിവാഹ ധനസഹായം-വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെ ധനസഹായം വിതരണം ചെയ്തു | 3-6 |
| 25 | അരൂർ കളിസ്ഥലം അധികസൗകര്യംഏർപ്പെടുത്തൽ -പ്രവർത്തിയുടെ വർക്ക് ബിൽ പരിശോധനക്ക് ഹാജരാക്കാത്തതും മറ്റ് അപാകതകളും | 3-7 |
| 26 | അസി എഞ്ചിനിയരുടെ പദ്ധതിനിർവഹണം കാര്യക്ഷമമല്ല. | 3-8 |
| 27 | അസി എഞ്ചിനീയർ ഫയൽ സൂക്ഷിപ്പിൽ അപാകത | 3-9 |

| | | |
|---|---|---|
| 28 | 2015-16 I.AY ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-10 |
| 29 | കൊടുംവേനലിൽ തൈകളും വളങ്ങളും വിതരണം ചെയ്തു | 3-11 |
| 30 | പ്രൊബേഷൻ തിയതിക്ക് മുമ്പേ രണ്ടാമത്തെ ഇൻക്രിമെൻറ് അനുവദിച്ചു | 3-12 |
| 31 | ഓണം അഡ്വാൻസ് തിരിച്ചുപിടിയ്ക്കാൻ ബാക്കി | 3-13 |
| 32 | ദേശിയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലും വേതന വിതരണത്തിലും കണ്ടെത്തിയ അപാകതകൾ. | 3-14 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തിയതിയിലെ 01/2015-16 തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 57,96,216.15 | 1,46,02,071 | 88,05,854.85 | |
| വരവ് | 9,75,49,700 | 7,65,83,792 | | 2,09,65,908 |
| ആകെ | 10,33,45,916 | 9,11,85,863 | 1,21,60,053 | |
| ചെലവ് | 9,84,09,432 | 7,31,60,603 | | 2,52,48,829 |
| നീക്കിയിരിപ്പ് | 49,36,484.15 | 1,80,25,260 | 1,30,88,776 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 05.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 17.07.2017 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,46,02,071 |
| വരവ് | 7,65,83,792 |
| ആകെ | 9,11,85,863 |
| ചെലവ് | 7,31,60,603 |
| നീക്കിയിരിപ്പ് | 1,80,25,260 |

## 1-5 ഫണ്ട് വിനിയോഗം(വാർഷിക കണക്ക് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 91,81,739 | 91,81,739 | 91,81,739 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 7,06,487 | 7,06,487 | 7,06,487 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 32,26,545 | 32,26,545 | 32,26,545 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 11,09,504 | 11,09,504 | 11,09,504 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 54,84,637 | 54,84,637 | 54,84,637 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 9,98,469 | 9,98,469 | 9,98,469 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,204 | 2,78,88,785 | 2,78,90,989 | 2,78,73,424 | 17,565 | 99.94 |
| ബി ഫണ്ട് | | 3,75,45,910 | 3,75,45,910 | 3,75,45,910 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 5,29,86,633 | 58 | 2,55,68,501 | 51 | 15 | 46.77 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,79,745 | 38,67,501 | 13,87,756 | 35.88 |
| നികുതിയേതര വരവുകൾ | 4,58,849 | 6,21,422 | 1,62,573 | 26.16 |
| മറ്റുവരവുകൾ | 2,94,025 | 4,26,59,814 | 4,23,65,789 | 99.31 |
| ആകെ | 32,32,619 | 4,71,48,737 | 4,39,16,118 | 93.14 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 2,73,720 | 170 |
| കർഷകതൊഴിലാളി പെൻഷൻ | 73,99,280 | 757 |
| വിധവാപെൻഷൻ | 1,29,81,690 | 1,156 |
| വാർദ്ധക്യകാലപെൻഷൻ | 1,32,83,195 | 1,304 |
| വികലാംഗപെൻഷൻ | 30,24,315 | 275 |
| 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായവർക്കുള്ള പെൻഷൻ | 4,18,710 | 39 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,654/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2017 മുതൽ 23.02.2017 | 01/2017 | റിപ്പോർട്ട് കിട്ടിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2006 മുതൽ 21.03.2006 | 1997-98 മുതൽ 2004-05 വരെ | എൽ.ബി.എ(എച്ച്.ക്യൂ) 111/8എ-956/106 തീ. 03.05.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

പുറമേരി ഗ്രാമപഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 ജലനിധി പദ്ധതിക്കുള്ള വരവ് ബാങ്ക് എകൗണ്ട് പ്രകാരം 36528608 രൂപയാണ്.(S.B.T.A/C 67309029558)എന്നാൽ വാർഷിക കണക്കിൽ 28150482 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

2 കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്കുപ്രകാരം തൻവർഷ വരവ് 1808985 രൂപയുംകുടിശ്ശിക വരവ് 1119366രൂപയുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിട നികുതി വാർഷിക സംക്ഷിപ്ത പ്രകാരം തൻവർഷ വരവ് 1795270 രൂപയും കുടിശ്ശികസവരവ് 1149107 രൂപയുമാണ്.

3 ഷെഡ്യൂൾഡ് B.9പ്രകാര Refund payabie on property Tax ഇനത്തിൽ കൊടുക്കാനുള്ള 52418.79 രൂപയുടെ ആധികാരികത പഞ്ചായത്തിൽ ലഭ്യമല്ല.

4 ഷെഡ്യൂൾഡ് B.4പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ജില്ലാപഞ്ചായത്ത് വിഹിത മിനത്തിൽ 12-13 വർഷത്തിൽ ലഭിച്ച 60000 രൂപ തിരിച്ചടവാക്കാതെ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

5 ഷെഡ്യൂൾ ബി4 പ്രകാരം ജലനിധി പ്രൊജക്ടിന് സാമ്പത്തിക വർഷം 1149176 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഷെഡ്യൂൾ B.17പ്രകാരം ജലനിധി അക്കൗണ്ടിൽ 8066773 രൂപ നീക്കിയിരിപ്പുണ്ട്.

6 അസി.എഞ്ചിനീയർ വർക്ക് ബില്ലിൽ നിന്നും കുറവുചെയ്ത് അടവാക്കിയ V.A.T, I.T; നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയം - സ്ഥലപരിശോധനാറിപ്പോർട്ട് അപൂർണ്ണം

2011ലെ കേരളപഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജം) ചട്ടങ്ങൾ പ്രകാരമാണ് വസ്തുനികുതിനിർണ്ണയിക്കുന്നത്.ഈ ചട്ടത്തിൻെറ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല,വഴിസൗകര്യം,മേൽക്കൂര,കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം,തറനിർമ്മിതി,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതിനിർണ്ണയിക്കുന്നത്.

5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക്15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% എന്നിങ്ങനെ അടിസ്ഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്

2016-17 ലെ നികുതിനിർണ്ണയങ്ങൾ പരിശോധിച്ചപ്പോൾ താഴെച്ചേർക്കുന്ന അപാകതകൾ കാണുന്നു

നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയല്ല റിപ്പോർട്ട് സമർപ്പിക്കുന്നത്. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ടകാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ ,ഉണ്ടെങ്കിൽ എത്രവീതിയിൽ,ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

2016-17 ൽ ആകെ 269 കെട്ടിടങ്ങൾക്കാണ് പുതിയതായി നികുതിനിർണ്ണയം നടത്തിയിരിക്കുന്നത്. ഇതിൽ 20 എണ്ണം 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകളാണ് . ഈ വീടുകളിലൊന്നും ഗുണമേൻമയുള്ള വസ്തുക്കൾ തറയിടാൻ ഉപയോഗിച്ചിട്ടില്ലായെന്നാണ് കാണിച്ചിരിക്കുന്നത്. ഇക്കാര്യം പരിശോധിച്ചുറപ്പ വരുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പട്ടതിന് മറുപടി തന്നിട്ടില്ല. സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതിനിർണ്ണയത്തിനാവശ്യമായ എല്ലാ വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പടുത്തി നികുതി നഷ്ടമുണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

2016-17 ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം | സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | വിലാതപുരം ക്ഷീരോത്പാദക സഹകരണസംഘം | ശ്രീമതി. ദീപ.ടി, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് | 50,968/- | 450/- | 300/- | 150/- |

2. തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കേ. പ. രാ നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്), 1996 ലെകേ.പ.രാ ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും, ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും, വാണിജ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നതായും കണ്ടില്ല. ഡി. ആന്റ്. ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കി തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും, വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

3. മറ്റ് അപാകതകൾ

1. ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ(ആയുർവേദം) മെഡിക്കൽ ഓഫീസറുടെ തൊഴിൽനികുതി മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. അറ്റൻഡർ ഉൾപ്പടെ മറ്റ് ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ അർദ്ധവാർഷിക വരുമാന പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന് രേഖകളില്ല.

2. പുറമേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൺസ്യൂമർ സ്റ്റോറിന്റെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/14.07.2017) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കുന്നതാണെന്നും, കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമ നം( 1), 3(2) പ്രകാരം കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, ക്രമ നം (2) പ്രകാരമുള്ള അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-4 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, 284 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി

അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2016 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 43 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. വിശദ വിവരം ചുവടെ:

| മാസം | ലഭ്യമായ അപേക്ഷകളുടെ എണ്ണം | | |
|---|---|---|---|
| | ലൈസൻസ് പുതുക്കുന്നതിന് | പുതിയത് | ആകെ |
| ഫെബ്രുവരി | 43 | | 43 |
| ഏപ്രിൽ | 27 | 6 | 33 |
| മെയ് | 7 | 1 | 8 |
| ജൂൺ | 3 | 2 | 5 |
| ജൂലായ് | 11 | 2 | 13 |
| ആഗസ്റ്റ് | 18 | 6 | 24 |
| സെപ്റ്റംബർ | 16 | 4 | 20 |
| ഒക്ടോബർ | 23 | 3 | 26 |
| നവംബർ | 6 | 2 | 8 |
| ഡിസംബർ | 15 | 6 | 21 |
| ജനുവരി | 20 | 5 | 25 |
| ഫെബ്രുവരി | 16 | 8 | 24 |
| മാർച്ച് | 25 | 9 | 34 |
| | 230 | 54 | 284 |

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

<u>മറ്റ് അപാകതകൾ</u>

1. ശ്രീ. ശ്രീധരൻ. കെ. പി, കൊട്ടുങ്ങാമ്പുറത്ത്, പുറമേരി എന്നവർ 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിലെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 02.07.2016 നാണ് സമർപ്പിച്ചിരിക്കുന്നത്.(800/- രശീതി നം. 11601101157/11.07.2016). 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഈ സ്ഥാപനം ലൈസൻസ് കൂടാതെയാണോ പ്രവർത്തിച്ചത് എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. കൂടാതെ, ടിയാനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് എന്ന് സെക്രട്ടറി ഫയലിൽ കുറിപ്പെഴുതിയെങ്കിലും അത്തരത്തിൽ പിഴ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടിയാനിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 19 പ്രകാരമുള്ള അധിക ഫീസ് വാങ്ങിയതായി കാണുന്നില്ല.

3. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/2016-17 തീ.

14.07.2017) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ അപേക്ഷ സമർപ്പിക്കുന്നതിൻ ചട്ടം 10 പ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ചട്ടം 4 പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നതായി അറിയിച്ചിട്ടുണ്ട്. നോട്ടീസിന്റെ പകർപ്പ് ഹാജരാക്കിയിട്ടുമുണ്ട്. ക്രമ നം 1 ന്റെ കാര്യത്തിൽ, 2012-13, 13-14, 15-16 വർഷം വരെ സ്ഥാപനം അടച്ചിട്ടിരിക്കയായിരുന്നു എന്നും ചട്ടം 19 പ്രകാരമുള്ള അധികഫീസ് ഈടാക്കിയതായും പരാമർശിക്കുന്നു. തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടിക്രമം സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ.ടെണ്ടർ മുഖേനയുള്ള വരവുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷം 3 മരാമത്ത് പ്രവർത്തികൾക്ക് ഇ ടെണ്ടർ നടപടികൾ കൈകൊണ്ടിട്ടുണ്ടെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല . 2015-16 സാമ്പത്തിക വർഷത്തിൽ A.E.നിർവഹണ ഉദ്യോഗസ്ഥനായി 3 മരാമത്ത് പ്രവർത്തികൾ ഇ.ടെണ്ടർ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള ടെണ്ടർ ഫീ, വരവുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് എകൗണ്ടിലാണ് വരവ് പിടിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ ഉള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രൈയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2016-17 ൽ മേൽ പറഞ്ഞ സേവനങ്ങൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക | ഈടാക്കാവുന്ന സേവന നികുതി നിരക്ക് ചട്ടം 26 |
|---|---|---|
| മാലിന്യ നിർമ്മാർജ്ജനം/ ശുചിത്വ പരിപാലനം | 7,53,178 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| തെരുവ് വിളക്ക് | 3,89,167 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| ജലവിതരണം | 56,19,756 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| ഡ്രെയിനേജ് | - | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

2016-17 വർഷത്തിൽ കെട്ടിടനികുതിയിനത്തിൽ കുടിശ്ശിക വരവ് 11,19,366/-, തൻവർഷ വരവ് 18,08,985/- രൂപ എന്നിവ ചേർത്ത് മൊത്തം 29,28,351/-രൂപ വരവുണ്ട്. ഇത് പ്രകാരം താഴെ പറയും പ്രകാരം സേവനഉപനികുതി ഈടാക്കാമായിരുന്നു.

| സേവനങ്ങൾ | ഈടാക്കാവുന്ന സേവനഉപനികുതി |
|---|---|

| | |
|---|---|
| മാലിന്യ നിർമ്മാർജ്ജനം/ ശുചിത്വ പരിപാലനം | 1,17,134 |
| തെരുവ് വിളക്ക് | 87,851 |
| ജലവിതരണം | 58,567 |
| ആകെ | 2,63,552 |

എന്നാൽ സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപലകയിൻമേലോ എടുപ്പിൻമേലോ അതിന്റെ മുകളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പരസ്യനികുതി ഈടാക്കാവുന്നതാണ്. ഇതിനായി നിരക്കുകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ ബൈലോ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ സർക്കാരിനയച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

## 2-8 മാവേലി സ്റ്റോർ വാടക ഈടാക്കിയത് – നിരക്ക് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്

2008 സെപ്തംബർ മാസം 6ാം തീയതി മുതൽ ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ PP.1/819, 1/820 എന്നീ മുറികളിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറിന്റെ, 2008 സെപ്തംബർ മുതൽ 2010 ആഗസ്റ്റ് മാസം വരെയുള്ള വാടക തനത് ഫണ്ടിൽ നിന്നും നൽകാം (സർക്കുലർ നം. 15289/കെ1/05 തീ. 15.07.2016). ഈ കാലാവധി കഴിഞ്ഞ് - വാടക നിശ്ചയിച്ചു നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതിനെ തുടർന്ന് ചതുരശ്ര മീറ്ററിന് 5 രൂപ നിരക്കിൽ 650 ചതുരശ്ര മീറ്ററിന് 3250 രൂപ തോതിൽ 3 വർഷത്തേക്ക് പ്രതിമാസ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. തുടർന്ന് 3 വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് ആയി നിശ്ചയിക്കുന്നതിനും തീരുമാനമെടുത്തു. 2016-17 വർഷം വരെയുള്ള വാടക 2017-18 വർഷത്തിൽ താഴെ പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് /ഡി.ഡി നം, തീയതി | തുക | തുക ഈടാക്കിയ കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | 706212 തീ. 03.05.2017 (ഫെഡറൽ ബാങ്ക്, വടകര) | 2,51,568/- (117010400001 തീ. 09.05.2017) | 06.09.2010 – 05.09.2013 | 36 x 3250 = 1,17,000/- 36 x 3738 = 1,34,568 |
| 2 | 706330 തീ. 03.06.2017 (ഫെഡറൽ ബാങ്ക്, വടകര) | 37,966/- (117010500006/ 29.06.2017) | 06.09.2016 – 30.04.2017, 05/2017 | 9 x 4299 = 38,691/- |
| 3 | 706438 തീ. 03.07.2017 | 4,298/-(117010500007 തീ. 10.07.2017) | 06/2017 | 4298 |

| | | | | |
|---|---|---|---|---|
| | (ഫെഡറൽ ബാങ്ക്, വടകര) | | | |

ഇതിൽ ക്രമ നം(2) പ്രകാരം അടവാക്കിയ തുകയിൽ വ്യത്യാസം കാണുന്നുണ്ട്. ആയതിനാൽ ഈ തുക ഏത് കാലയളവിലേക്ക്, ഏത് നിരക്കിൽ എന്നീ കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

കൂടാതെ, 17.09.2015 ലെ തീരുമാനം 9, 20.08.2016 ലെ തീരുമാനം 9 എന്നിവ പ്രകാരം കുടിശ്ശിക തുകയുടെ പിഴപലിശ ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാർ അനുമതി വാങ്ങുന്നതിന് തീരുമാനമെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ 08.09.2016 ലെ സി1. 5235/15-16 നം കത്ത് പ്രകാരം 31.07.2016 വരെയുള്ള പിഴപലിശ(1,72,206/- രൂപ) ഒഴിവാക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് അനുമതി നൽകിയതായി കണ്ടില്ല. അനുമതി നൽകാത്ത പക്ഷം പിഴ പലിശ ഈടാക്കിയോ എന്നതിന്റെ വിശദാംശവും ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 S.Cവീട് പുനരുദ്ധാരണം എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ധനസഹായം വിതരണം ചെയ്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ : 17/17

വകയിരുത്തിയ തുക : 300000(വിക,ഫണ്ട് .S.C.P)

ചെലവുതുക : 250000(ബിൽ നമ്പർ4/16-17dt22.3.17)

നിർവഹണം : അസി.സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന s.c.ഗുമഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 250000രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവന്റെ പേര് | കൈപറ്റിയ തുക |
|---|---|---|
| 1 | ശാന്ത മാടാല താഴക്കുനി | 50000 |
| 2 | ബാലൻ ചാത്തോത്ത് | 50000 |
| 3 | ബാലൻ നല്ലോം പുനത്തിൽ | 50000 |
| 4 | ശാലിനി ചാലിൽ | 50000 |
| 5 | സുരേഷ് ആലക്കൽ താഴക്കുനി | 50000 |
| | ആകെ | 250000 |

ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു

1 സ.ഉ.എം എസ്.4/16 ത.സ്വ.ഭ.വ dt 11.1.16ഖണ്ഡിക3(6) 5 പ്രകാരം വീട് പുനരുദ്ധാരണം പൂർത്തീകരിച്ച് L.S.G.Dഎഞ്ചീനിയർ അളവെടുത്തശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ എഞ്ചിനീയറുടെ മൂല്യനിർണ്ണയം ഇല്ലാതെയാണ് എല്ലാഗുണഭോക്താക്കൾക്കും ധനസഹായം ഒറ്റ തവണയായി വിതരണം ചെയ്തിരിക്കുന്നത്

2 ഗുണഭോക്താളുടെ വരുമാനം തെളിയിക്കുന്ന രേഖകളൊന്നും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ക്രമനമ്പർ 1,2,3 പ്രകാരമുള്ള ഗുണഭോക്താക്കൾ ഹാജരാക്കിയറേഷൻ കാർഡ് പ്രകാരം ഇവർ A.P.L.വിഭാഗത്തിൽ പെട്ടവരാണ്.

3 മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പൂർത്തീകരണ സാക്ഷ്യപത്രംഎന്നിവ ഒരു ഗുണഭോക്താവും ലഭ്യമാക്കിയിട്ടില്ല.

4 വീട് നിർമ്മിച്ച 12 വർഷംകഴിഞ്ഞവർക്കാണ് വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിരിക്കുന്നത് എന്നത് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമൊക്കിയിട്ടില്ല. ചെലവുതുക 250000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 S.C.വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം -രേഖകൾ ലഭ്യമല്ല.

പ്രൊജക്ട് നമ്പർ : 41/17

വകയിരുത്തിയ തുക : 300000(വി.ക.ഫണ്ട് s.c.p)

ചെലവുതുക : 200000(ബിൽ നമ്പർ6/16-17dt 22.3.17)

ബിൽനമ്പർ : 7/16-17dt30.3.17

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഷിബിന കൊയിലോത്ത്താഴക്കുനി, അക്ഷയ് N.Kഎന്നീ s.c വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായമായി ഒരു ലക്ഷം രൂപ വീതം ഗുണഭോക്താക്കളുടെ രക്ഷിതാക്കളുടെ പേരിലുള്ള ബാങ്ക് എക്കൗണ്ട് മുഖേന നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട പ്രൊജക്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2 ജി.ഒ.ആർ .ടി 626/16 ത.സ്വ.ഭ.വ 15.2.14 പ്രകാരം നിർമ്മിക്കുന്നമുറിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിപണിപൂർത്തീകരിച്ചശേഷംബന്ധപ്പെട്ട എഞ്ചിനീയർ അളവെടുക്കണം.അളവ് അടിസ്ഥാനമാക്കി പരമാവധി ഒരുലക്ഷം രൂപവരെ വിതരണം ചെയ്യാം.എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പണിപൂർത്തീകരിച്ച ശേഷം എഞ്ചിനീയർ അളവെടുത്തിട്ടില്ല. എഞ്ചിനീയറുടെ വാല്യൂവേഷൻ ഇല്ലാതെയാണ് പരമാവധി തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചിരിക്കുന്നത്.

3 ഷിബിനകൊയിലോത്ത് താഴക്കുനി എന്നഗുണഭോക്താവിന്റ കുടുംബം.ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 200000രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 പശു വളർത്തൽ- പ്രോജക്ട് നിർവഹണ ത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 75/17 |
| വകയിരുത്തിയതുക | 510000(വി കസന ഫണ്ട് 210000. |
| തനത് ഫണ്ട് | 45000 |
| ഗുണവിഹിതം | 255000 |
| ചെലവഴിച്ച തുക | 2,40,000 (ബിൽ നമ്പർ 2/16-17) തീ. 24-3-2017 |

| | |
|---|---|
| | 45000(ബിൽ നമ്പർ (6/16-17 തീ. 31-3-2017), 75000( ബിൽ നം. 8/16-17 തീ. 31-3-2017) |
| | 90000 ch. no. 1407691.dt 29.3.17 30000 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 16 കർഷകർക്ക് മേൽ പ്രോജക്ട് പ്രകാരം പശുക്കളെ വാങ്ങിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെകൊടുക്കുന്നു.

1)പഞ്ചായത്ത് ഭരണസമിതിയുടെ 7.2.17 ലെ 1(3) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ഷിജേഷ് വി.വലിയാലത്ത് | 4 |
| 2 | കുഞ്ഞിരാമൻ പുലക്കുഴിതാഴക്കുനി | 6 |
| 3 | ലിസി മനയത്ത് | 2 |
| 4 | ശാരദ മലയിൽ | 13 |
| 5 | ജാനു എലിപ്പറമ്പത്ത് | 12 |
| 6 | അമ്മത് തൈക്കണ്ടിയിൽ | 3 |
| 7 | ജാനു കുന്നത്ത് | 1 |

മേൽ ഗുണഭോക്താക്കളെ അംഗികരിച്ചുകൊണ്ടുള്ള അംഗീകൃതലിസ്റ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) ബഷീർ താഴെപയേന്റവിട എന്നഗുണഭോക്താവ് ടിയാൻ ഹാജരാക്കിയ റേഷൻ കാർഡ് പ്രകാരം A.P.L.വിഭാഗത്തിൽ പെട്ടതാണ്.ടിയാന്റവരുമാനം തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ.ന 4/116 തസ്വ.ഭവ തീ. 11.1.16 ഖണ്ഡിക 3-2-1പ്രകാരം പശുവിനെ ഗുണഭോക്താക്കളടങ്ങുന്ന 7പേരുള്ള സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. എന്നാൽ ഇത്തരത്തിൽപെട്ട സമിതി രൂപീകരിച്ച് വാങ്ങൽ നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-4 അങ്കണവാടിപ്രവർത്തകരുടെ വർദ്ധപ്പിച്ച വേതനം-പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം നൽകിയതുക തിരികെ ഈടാക്കാൻ നടപടികൾകൈകൊണ്ടതിന് രേഖകളില്ല.

പ്രൊജക്ട് നമ്പർ : 82/17

വകയിരുത്തിയ തുക : 1357800(തനത് ഫണ്ട്)

ചെലവുതുക : 1357800 (ch no 14076577dt8.6.16 - 224352

ch.no 14076587dt 22.6.16 224789

ch no 1407662dt22.8.16 449417

ch no 1407671dt 8.4.16 336134

ch no 1407690 dt28.3.17 123108 )

അങ്കണവാടി വർക്കർ മാരുടെയും ഹെൽപർമാരുടെയും വർദ്ധിപ്പിച്ച വേതനംവിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 31അംഗൻ വാടികളിലെ പ്രവർത്തകരുടെ 2016ഏപ്രിൽമുതൽ ജൂലൈ വരെയുള്ള വർദ്ധിപ്പിച്ച അധികവേതനംമുഴുവനായുംആഗസ്റ്റ് മതൽ നവംമ്പർ വരെയുള്ള അധികവേതനത്തിന്റെ 50%വുംവിതരണം ചെയ്തിട്ടുണ്ട്.സ.ഉ.സാധാ നമ്പർ409/16 /സാ.നീ.വ.30.8.16 പ്രകാരം 2016-17സാമ്പത്തിക വർഷത്തെഅംഗൻവാടി ജീവനക്കാരുടെ അധിക വേതനം നൽകുന്നതിന്ആവശ്യമായ തുകയുടെ 50%വകുപ്പ് വിഹിതമായി വഹിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.പ്രസ്തുത ഉത്തരവ് വരുന്നതിന് മുമ്പ് തന്നെ പ്രൊജക്ട് പ്രകാരം ഏപ്രിൽ മുതൽജൂലൈവരെയുള്ള വർദ്ധിപ്പിച്ചവേതനം മുഴുവനായും ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.വിശദ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | വിതരണം ചെയ്ത തുക | വിതരണം ചെയ്ത തിയ്യതി |
|---|---|---|---|
| 1 | ഏപ്രിൽ മാസത്തെ വേതനം | 224352 | 16.6.16 |
| 2 | മേയ് മാസത്തെ വേതനം | 224789 | 22.6.16 |
| 3 | ജൂൺ മാസത്തെ വേതനം | 449417 | 27.8.16 |
| | ആകെ | 898558 | |

ജീവനക്കാർക്ക് ഏപ്രിൽ മുതൽജൂലൈവരെവിതരണം ചെയ്തതുകയുടെ 50% പഞ്ചായത്തിന് തിരികെ ലഭിക്കാൻ മേൽ സർക്കാർ ഉത്തരവു പ്രകാരംഅർഹതയുണ്ട..തുക തിരികെലഭിക്കാൻപഞ്ചായത്ത് കൈകൊണ്ട നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭ്യമാക്കിയിട്ടില്ല.അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുംഅംഗൻവാടി ജീവനക്കാർ മേൽ പറഞ്ഞ മാസങ്ങളിലെ അധികവേതനം ഡിപ്പാർട്ട് മെന്റ്മുഖേനകൈപറ്റിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഏപ്രിൽ മുതൽജൂൺവരെ അധികവേതനമിനത്തിൽ ചെലവഴിച്ച തുകയുടെ50% തുകയായ 449279 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി-കൈമാറിയ തുകയുടെ കൈപറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ : 59/16-17

നിർവഹണം : വെറ്റിനറി സർജൻ

വകയിരുത്തിയ തുക : 1200000

ചെലവുതുക : 3,00,000(ബിൽ നമ്പർ10/16-17dt31.3.17)

2,62,500(ch.No1407692dt29.3.17)

കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 562500/-രൂപ മേൽ പ്രകാരം അസി ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയിട്ടുണ്ട് . കൈമാറിയ തുകയുടെ കൈപറ്റ് രശീതി അംഗീകൃത ഗുണഭോക്തൃലിസ്റ്റ് .വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-6 S.C.വിവാഹ ധനസഹായം-വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെ ധനസഹായം വിതരണം ചെയ്തു

പ്രൊജക്ട് നമ്പർ : 19/17

വകയിരുത്തിയ തുക : 100000

ചെലവ്തുക : 100000(ബിൽ നമ്പർ 2/16-17dt 22.3.17)

നിർവഹണം : അസി.സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 2 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായ മിനത്തിൽ 50000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1 പ്രസീത പിലാക്കാട്ട് D/O ശാന്ത 50000

2 ഷിജിനD/O കൃഷ്ണൻ 50000

ധനസഹായം രക്ഷിതാക്കളുടെ ബാങ്ക് എകൗണ്ട് മുഖേന വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകളൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.മാത്രമല്ല ക്രമനമ്പർ 1 പ്രകാരമുള്ള പ്രസീത പിലാക്കാട്ടിന്റെ രക്ഷിതാവായ ശാന്തയുടെ പേരിൽധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലുംധനസഹായത്തിനുള്ള അപേക്ഷ ഫയലിൽ ലഭ്യമല്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-7 അത്തോർ കളിസ്ഥലം അധികസൗകര്യംഏർപ്പെടുത്തൽ -പ്രവർത്തിയുടെ വർക്ക് ബിൽ പരിശോധനക്ക് ഹാജരാക്കാത്തതും മറ്റ് അപാകതകളും

പ്രോജക്ട് നമ്പർ : 116/16-17

വകയിരുത്തിയതുക : 605000

ചെലവുതുക : 474370 ചെക്ക് നം. 1407695/31.03.2017

പ്രവർത്തി മൂല്യം : 533936

എം.ബുക്ക് : 75/14-15

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള അത്തോർ മിനി സ്റ്റേഡിയത്തിൽ കളി ഉപകരണങ്ങൾ സൂക്ഷിക്കുന്നതിന് ബിൽഡിംഗ് നിർമ്മിക്കുന്നതിന് 2014-15 വർഷത്തിൽ ആരംഭിച്ച മേൽ പ്രൊജക്ട് കരാറുകാരനായ കെ.ടി.കെ ബാബു2016-17 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.പ്രവർത്തിയുടെ വർക്ക്ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.എം ബുക്ക് പരിശോധിച്ചതിൽപ്രവർത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) എംബുക്ക് പ്രകാരംപ്രവർത്തിയുടെ ആകെ പ്രവർത്തിമൂല്യം 533936 രൂപയാണ്.എന്നാൽ സാമ്പത്തിക വർഷംതനത്ഫണ്ടായി വകയിരുത്തിയ474370 രൂപമാത്രമെ ടാക്സ് ഉൾപ്പെടെ കരാറുകാരന്

നൽകിയിട്ടുള്ള.കേന്ദ്രാവിഷ്കൃതഫണ്ടിനത്തിൽ വകയിരുത്തിയ 130630 രൂപയിൽ നിന്നും തുകയൊന്നും വിനിയോഗിച്ചുകാണുന്നില്ല.

2) 26.3.15ൽ കരാറുടമ്പടി വെച്ച പ്രവർത്തി 20.6.16 നാണ് പൂർത്തീകരിച്ച് അളവെടുത്തതായിട്ടാണ് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.പ്രവർത്തിയുടെ പൂർത്തീകരണസമയം നീട്ടി വിവരം ഫയലിൽ ലഭ്യമല്ല.അവസാനബിൽ നൽകുമ്പോൾ കരാറുകാരനിൽ നിന്നുംനിയമാനുസൃത പിഴ ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവർത്തിയുടെ വർക്ക് ബിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.ചെലവുതുക 474370 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 അസി എഞ്ചിനിയരുടെ പദ്ധതിനിർവഹണം കാര്യക്ഷമമല്ല.

അസി.എഞ്ചിനിയർ നിർവഹണഉദ്യോഗസ്ഥനായിസാമ്പത്തികവർഷം 23 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 57 പ്രൊജക്ടുകൾക്ക് അംപഗീകാരംലഭിക്കുകയും ആയതിന് വിവിധഫണ്ടിനങ്ങളിലായി 18601889രൂപവകയിരുത്തുകയും ചെയ്തിട്ടുണ്ട് .ആയതിൽസാമ്പത്തിക വർഷം 19പ്രോജക്ടുകൾക്ക്മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ .(സ്പിൽ ഓവർ 9,പുതിയത്10) ആയതിന് മൊത്തം 5158105 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതുകയുടെ 27.72%മാത്രമാണ് സാമ്പത്തികവർഷം ചെലവഴിച്ചിരിക്കുന്നത്. തുകചെലവഴിച്ചപ്രോജക്ടുകളിൽ തന്നെ മുഴുവൻ പ്രോജക്ടുകളും പൂർത്തീകരിക്ക പ്പെട്ടിട്ടില്ല. 17പ്രോജക്ടുകളിൽ മാത്രമാണ് പ്രവർത്തി പൂർത്തീകരിക്കപ്പെട്ടിട്ടുള്ളൂ. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 അസി എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഫയലുകൾ സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾതാഴെപ്പറയുന്നു.

1) പ്രവർത്തിയുടെ വർക്ക് ബില്ലിൽ മിക്കതിലും മെമ്മോ ഓഫ് പേമന്റ് രേഖപ്പെടുത്തുന്നില്ല.

2) IT;V.A.T;നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം എന്നിവ അടവാക്കുന്നതിന്റ രേഖകൾഫയലിൽ സൂക്ഷിക്കുന്നില്ല.

3) പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ലഭ്യമാക്കുന്നില്ല.

4) കരാറുകാരൻ തുകകൈപ്പറ്റിയതിന്റ രേഖകൾ സൂക്ഷിക്കുന്നില്ല.

5) ഇ ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

6)കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കാഷ്ബുക്ക് പരിശോധക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 2015-16 I.AY ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നമ്പർ . 133/17.

വകയിരുത്തിയ തുക. 175000.

ചെലവുതുക. 175000.(ബിൽ നമ്പർ .1/16-17dt 27/1/2017)

നിർവഹണം. അസി. സെക്രട്ടറി.

2015-16 സാമ്പത്തിക വർഷത്തിൽ I.A.Yഗുണഭോക്താക്കൾക്ക് അധിക വിഹിതമിനത്തിൽ 175000രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് D. Dനമ്പർ655866 dt 6/2/2017 പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സെക്കട്ടറിക്ക്കൈമാറിയിട്ടുണ്ട് . മേൽതുകയുടെ വിനിയോഗവിവരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-11 കൊടുംവേനലിൽ തൈകളും വളങ്ങളും വിതരണം ചെയ്തു

2016 -17 ൽ കൃഷി ഓഫീസർ കുരുമുളക് കൃഷിവികസനം( കുരുമുളക്തൈ വിതരണം-- പ്രൊ.77/17) , ഫലവൃക്ഷാദി തൈവിതരണം (റംമ്പുട്ടാൻ-പ്രൊ.75/17), ഒരുവീട്ടിൽ ഒരുമാവ്(പ്രൊ.81/17), ഇടവിളകൃഷി കിറ്റ് വിതരണം(പ്രൊ.26/17), തെങ്ങ്കൃഷിക്ക് ജൈവവളം ലഭ്യമാക്കൽ(പ്രൊ.28/17) എന്നീ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.ഈ പദ്ധതികൾ പ്രകാരമുള്ള തൈകളും വളവും ലഭ്യമാക്കുന്നതിന് 30/12/2016 ൽ ടെണ്ടർ വിളിച്ച് 2017 ജനുവരി അവസാനം ലഭ്യമാക്കി ഫെബ്രുവരിയിൽ-നല്ല വേനൽക്കാലത്താണ് വിതരണം ചെയ്തിരിക്കുന്നത്.

തൈകൾ നടേണ്ടതും വളം ഇടേണ്ടതും കാലവർഷാരംഭത്തിലോ മഴ മാറുന്നതിന് മുമ്പോവേണമെന്നിരിക്കെ തൈകൾ നട്ടാൽ ഉണങ്ങിപ്പോകുന്ന നല്ലവേനൽക്കാലത്താണ് തൈകളും വളവും വിതരണം ചെയ്തിരിക്കുന്നത്.

പദ്ധതിപ്പണം ചെലവഴിച്ചു എന്നതിലുപരി ഈ പദ്ധതികൾ നടപ്പിലാക്കിയതുവഴി കർഷകർക്ക് എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

കാലവർഷാരംഭത്തിലോ മഴമാറുന്നതിന് മുമ്പോ തൈവിതരണം,വളം വിതരണം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമെ പദ്ധതികളുടെ പ്രയോജനം കർഷകർക്കും കാർഷികമേഖലയ്ക്കും ലഭിക്കുകയുള്ളൂ. കാർഷിക പദ്ധതികൾ അനവസരത്തിൽ നടപ്പാക്കാനിടയായത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥൻെറയും വീഴ്ചയായി കാണേണ്ടിയിരിക്കുന്നു ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമസഭാലിസ്റ്റ് കിട്ടാൻ വൈകിയതുമൂലമാണ് പദ്ധതി നിർവ്വഹണം നീണ്ടുപോയത് എന്നാണ്. വർഷാരംഭത്തിൽ തന്നെ ഗ്രാമസഭകൾ വിളിച്ചുചേർത്ത് ഗുണഭോക്തൃലിസ്റ്റ് തയാറാക്കുന്നതിനും പദ്ധതികൾ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കുന്നകാര്യത്തിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 പ്രൊബേഷൻ തിയതിക്ക് മുമ്പേ രണ്ടാമത്തെ ഇൻക്രിമെൻറ് അനുവദിച്ചു

വൗച്ചർ നമ്പർ 159/1-6-2016 - 1749രൂപ

സർവ്വീസ് റൂൾസ് പ്രകാരം 2 വർഷ പ്രൊബേഷൻ കാലയളവുള്ളവർക്ക് രണ്ടാമത്തെ ഇൻക്രിമെന്റിന് പ്രൊബേഷൻ പൂർത്തീകരിക്കുന്ന തിയതി മുതൽക്കാണ് അർഹത. എന്നാൽ ഇതിന് വിരുദ്ധമായി 6-3-2016 ൽ പ്രൊബേഷൻ പൂർത്തിയാക്കിയ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കാടിൻെറ 4-5-2016ലെ എ1 5299/16/കെ.ഡീസ് നമ്പർ ഉത്തരവ്)ക്ളാർക്ക് ശ്രീമതി വിനീത കേയന് 1-3-2016 മുതൽ രണ്ടാമത്തെ ഇൻക്രിമെൻറ് അനുവദിച്ച് സാമ്പത്തികാനുകൂല്യം നൽകിയതായി കാണുന്നു. (സെക്രട്ടറിയുടെ 24-5-2016ലെ ബി2/1574/14 നമ്പർ ഉത്തരവ്)

ശ്രീമതി വിനീത കേയന് അനുവദിച്ച ഇൻക്രിമെൻറ് പുനഃ ക്രമീകരിക്കേണ്ടതാണ്.

## 3-13 ഓണം അഡ്വാൻസ് തിരിച്ചുപിടിയ്ക്കാൻ ബാക്കി

വൗച്ചർ നമ്പർ 456/7-9-2016 90000 രൂപ

2016-17ൽ ക്ളാർക്ക് ശ്രീമതി വിനീത കേയൻ അടക്കം 6 ജീവനക്കാർക്ക് ഓണം അഡ്വാൻസായി 15000 രൂപ വീതം അനുവദിച്ചിരുന്നു. 8-11-2016ൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ വാങ്ങി പോയ

ശ്രീമതി വിനീത കേയൻ 9000 രൂപ തിരിച്ചടയ്ക്കാനുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 ദേശിയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലും വേതന വിതരണത്തിലും കണ്ടെത്തിയ അപാകതകൾ.

ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരംഗ്രാമപഞ്ചായത്തിൽ മൊത്തം 3749കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് ലഭ്യമായിട്ടുണ്ട്.ആയതിൽസാമ്പത്തികവർഷം 2502കുടുംബങ്ങൾ ക്കായി മൊത്തം 81170 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തയ്യാറാക്കിയ ഷെൽഫ് ഓഫ് പ്രോജക്ട് പ്രകാരം 282പ്രവർത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചതിൽ 253 പ്രവർത്തികൾ സാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുണ്ട് .ആയത്പ്രകാരം 81170 തൊഴിൽ ദിനത്തിന് തൊഴിലാളികളുടെ കൂലിഇനത്തിൽ 19774471രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ നിഷ്കർഷിച്ച പ്രകാരം 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ നാമമാത്രമാണ്. കേവലം22കുടുംബത്തിന് മാത്രമേ സാമ്പത്തികവർഷം 100 തൊഴിൽദിനം ലഭ്യമായിട്ടുള്ളൂ. ദേശീയഗ്രാമീണതൊഴിലുറപ്പ പദ്ധതിയുടെ കൂലി ലഭിക്കുന്നത് പണിയെടുത്തശേഷം 14 ദിവസത്തിൽ അധികരിക്കാൻപാടില്ലാത്തതാണെങ്കിലും 2014-15വർഷത്തിൽ നടന്ന ഉദയപുരം താഴ കരിങ്കൽ പാലം തോട്നവീകരണം, അറ്റൂർ രാമത്ത് വയൽ നീർത്തടം മണ്ണ് ജലസംരക്ഷണം എന്നീപ്രവർത്തികൾക്കുള്ളകൂലി 2016-17സാമ്പത്തിക വർഷത്തിലാണ് നൽകിയിരിക്കുന്നത്.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സി.3309/08 തീ. 31.12.2009 ജില്ലാ കലക്ടർ, കോഴിക്കോട് | 95,000 | 1,03,976 | - | - | 1,98,976 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,52,173 |
| തൻവർഷം നിക്ഷേപിച്ച തുക | 70,271 |
| ആകെ | 11,22,444 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11,22,444 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ഓർക്കാട്ടേരി | 1,77,315 |
| കെ.ജി.ബി പുറമേരി | 9,45,129 |
| ആകെ | 11,22,444 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13,500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-11 | 13,500 | ശ്രീ. അഖിൽ ഹരി, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 11601101210 തീ. 14.06.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല |
| 2000-01 | രേഖപ്പെടുത്തിയില്ല | 2003-04 | 3.11.13 മറ്റ് പരാമർശങ്ങൾ | മരാമത്തു പ്രവൃത്തി - പുതിയേടത്ത് മീത്തൽ ജലസേചന പദ്ധതി |
| 2001-02 | 1.7 | 2005-06 | 70.2.5 | പുതിയ അക്കൗണ്ടിംഗ് അപാകതകൾ- വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല, പ്രതിമാസ |

| | | | | |
|---|---|---|---|---|
| | | | | അക്കൗണ്ട് തയ്യാറാക്കുന്നില്ല |
| 2002-03 | 3.6 | 2005-06 | 70.5 | ലക്ഷം വീട് വൈദ്യുതീകരണവും, തെരുവ് വിളക്ക് സ്ഥാപിക്കലും |
| 2002-03 | ഭാഗം 1 | 2005-06 | 70.11 | ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല, ഗ്രാമ സഭകളുടെ സംഘാടനം തൃപ്തികരമല്ല |
| 2002-03 | 1.5 | 2005-06 | 70.12 | ഗ്രാമസഭ നിയമലംഘനം- സമയപരിധി പാലിച്ചില്ല, ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല |
| 2001-02 | രേഖപ്പെടുത്തിയില്ല | 2005-06 | 70.14.16 | നികുതി പിരിക്കുന്നതിലെ അലംഭാവം- കുടിശ്ശിക വർദ്ധിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,65,83,792 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,31,60,603 |
| വരവിനങ്ങളിലുള്ള നഷ്ടം | 150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,51,149 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 150 | | ശ്രീ. പി. ടി പ്രസാദ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,50,000/- | ശ്രീമതി. സിന്ധു പി. ജി, അസി. സെക്രട്ടറി |
| 3-2 | 2,00,000/- | |
| 3-3 | 2,40,000/- | ഡോ. സിനി. പി, വെറ്ററിനറി സർജൻ |
| 3-4 | 4,49,279/- | ശ്രീമതി. ഗിരിജ കുന്നമ്മൽ, ഐ.സിഡി.എസ് സൂപ്പർവൈസർ |
| 3-5 | 5,62,500/- | ഡോ. സിനി. പി, വെറ്ററിനറി സർജൻ |
| 3-6 | 1,00,000/- | ശ്രീമതി. സിന്ധു പി. ജി, അസി. സെക്രട്ടറി |
| 3-7 | 4,74,370/- | ശ്രീ. എം.എ. മോഹൻകുമാർ, അസി.സെക്രട്ടറി |
| 3-10 | 1,75,000/- | ശ്രീമതി. സിന്ധു പി. ജി, അസി. സെക്രട്ടറി |

| | | |
|---|---|---|
| | 24,51,149 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.ടി. പ്രസാദ്, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, കോഴിക്കോട് | മിഥില, ചോമ്പാല, വടകര |
| ശ്രീമതി. സിന്ധു. പി. ജി, അസി. സെക്രട്ടറി | അസി.സെക്രട്ടറി, ഏറാമല ഗ്രാമ പഞ്ചായത്ത് | സദ്മം, കുറിഞ്ഞാലിയോട് |
| | | |
| ഡോ. സിനി. പി, വെറ്ററിനറി സർജൻ | | കമലേഷ് നിലയം, നട്ട് സ്ട്രീറ്റ്, വടകര |
| ശ്രീ. എം.എ മോഹൻകുമാർ, അസി. എഞ്ചിനീയർ | | നവനീതം, എളവന്നൂർ,<br>പത്തനം തിട്ട |
| ശ്രീമതി. ഗിരിജ കുന്നുമ്മൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല | ജയനിവാസ്, ആയിത്തറ, മമ്പറം, കൂത്തുപറമ്പ, കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെഎണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി പി5/665/09 തീ. 31.03.2010 | 7 | |
| 1997-98 | എൽ.എഫ്. എസ്2/1124/98 തീ. 11.12.2000 | 3 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി പി5/1418/08(1) തീ. 07.04.2009 | 18 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി പി5/1584/03 തീ. 15.03.2004 | 9 | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി പി8/564/06 തീ. 12.10.2006 | 2 | |
| 2000-01 (പ്ലാൻ) | എൽ.എഫ്. കെ.കെ.ഡി.എസ്3/799/03 തീ.03.11.03 | 3 | |
| 2000-01 (ഡി.സി.ബി) | എൽ.എഫ്. കെ.കെ.ഡി.പി5/1016/08 തീ.06.11.08 | 1 | |

| | | | |
|---|---|---|---|
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി പി8/943/06 തീ. 12.10.2006 | 3 | |
| 2001-02 പ്ലാൻ | എൽ.എഫ്. കെ.കെ.ഡി.എസ്3/800/ 08 തീ.19.01.2014 | 2 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി പി8/544/06 തീ. 10.05.2007 | 5 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി പി5/1016/08 തീ. 06.11.2008 | 3 | |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.എസ്1/1255 /07 തീ.05.04.2008 | 12 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി പി5/878/09 തീ. 09.09.2009 | 12 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി പി5/755/ 2010തീ. 30.04.2010 | 14 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി പി5/1613/11 തീ. 12.01.2012 | 15 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി പി11/89/12 തീ. 21.06.2012 | 6 | |
| 2009-10, 2010-11 | എൽ.എഫ്.കെ.കെ.ഡി പി11/396/13 തീ. 25.04.2013 | 16 | |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി11 /882/15 തീ. 25.08.2015 | 11 | |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി11 /419/16 തീ. 02.05.2016 | 32 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി11/2302/2016 തീ. 12.01.2017 | 32 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി/പി.11/1524/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി-01.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA.KKD/P11/1524/2017.

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 01-08-2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Purameri Grama Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Purameri Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.